കോഴികൾ എന്നിവയുടെ വിതരണം, കന്നുകാലിത്തൊഴുത്ത് നിർമ്മാണം, തയ്യൽമെഷീൻ വിതരണം, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, വീടുകളുടെ നിർമ്മാണം/പുനരുദ്ധാരണം/വൈദ്യുതീകരണം, റോഡ് നിർമ്മാണവും പുനരുദ്ധാരണവും, കിണർ കുഴിപ്പിക്കൽ, അംഗൻവാടി കെട്ടിട നിർമ്മാണം എന്നിവയുൾപ്പെടെ മത്സ്യബന്ധനം, കുടിവെള്ളം, ആരോഗ്യം, വനസംരക്ഷണം, സഹകരണം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് പ്രധാന പ്രവർത്തനങ്ങൾ.

(ബി) 73752 ഏക്കർ ഭൂമി കൃഷിക്ക് ഉപയുക്തമാക്കുകയും 81997 പശുക്കൾ, 169993 ആടുകൾ, 1697781 കോഴികൾ, 9268 തയ്യൽ മെഷീൻ എന്നിവ വിതരണം ചെയ്യുകയും 4740 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 98494 വീടുകളും, 240307 കക്കൂസുകളും 50162 കിണറുകളും 7947 കിലോമീറ്റർ റോഡും 2203 കലുങ്കുകളും 829 പാലങ്ങളും നിർമ്മിച്ചതിലൂടെയും നിലവിലുള്ള തൊഴിൽ വർദ്ധിപ്പിക്കുന്നതിനും പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും ജനകീയാസൂത്രണത്തിന് കഴിഞ്ഞിട്ടുണ്ട്.

(സി) വിവരം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നിലവിലുള്ള തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഒരു പരിധിവരെ സാദ്ധ്യമായിട്ടുണ്ട്.

(ഇ) കൃത്യമായി കണക്കാക്കിയിട്ടില്ല.

389 (1582) ജനകീയാസൂത്രണ പദ്ധതികളുടെ ഗൈഡ്ലൈനുകൾ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണപ്രകാരം പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ എന്തെല്ലാമാണ്;

(ബി) ഇവ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതി ആസൂത്രണം, പദ്ധതിവിഹിതം, വിനിയോഗം, പ്രോജക്ട് നിർവഹണം എന്നിവ സംബന്ധിച്ച് അനേകം സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ മുഖേനയാണ് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ കോപ്പികൾ ഇതോടൊപ്പം നൽകുന്നു.† (വാല്യം I-ഉം II-ഉം)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly